**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ബഫർ സോൺ സംബന്ധിച്ച സുപ്രീം കോടതി വിധിയെ തുടർന്ന് സർക്കാർ അന്തിമമായി പ്രസിദ്ധീകരിച്ച ഭൂപടമനുസരിച്ച് എത്ര ഹെക്ടർ ഭൂമിയാണ് ബഫർ സോണിൽ ഉൾപ്പെട്ടിരുന്നത്; ഇതിൽ എത്ര ഹെക്ടർ ഭൂമി ജനവാസ മേഖലയിലും എത്ര ഹെക്ടർ ഭൂമി കാർഷിക മേഖലയിലും ഉൾപ്പെട്ടിരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംരക്ഷിത മേഖലയ്ക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ജനവാസ മേഖലകളും സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് വിജ്ഞാപന ശുപാർശകളുടെ ഭാഗമായ ഭൂപടങ്ങളാണ് സർക്കാർ വെബ് സൈറ്റിൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിലെ വിവരങ്ങൾ സംരക്ഷിത മേഖലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.<br><br>അനുബന്ധമായി ചേർത്തിട്ടുള്ളതിൽ Minimum ESZ ആയി കാണിച്ചിട്ടുള്ളത് ജനവാസകേന്ദ്രങ്ങളും അന്തർസംസ്ഥാന അതിർത്തികളും ഉൾപ്പെടുന്ന ഭാഗമാണ്. Maximum ESZ ആയി കാണിച്ചിട്ടുള്ളത് വനപ്രദേശങ്ങളുമാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് സർക്കാർ ടി പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ജനവാസമേഖല, കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് തയ്യാറാക്കുവാൻ നിർദ്ദേശം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളെ ജനവാസമേഖല, കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് ശേഖരിക്കേണ്ടുന്ന ആവശ്യകത ഉണ്ടാകാത്തതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. |
| (ബി) | മേൽപ്പറഞ്ഞ ഭൂപടത്തിൽ എത്ര ഹെക്ടർ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിരുന്നുവെന്ന് | (ബി) | ടി ഭൂപടങ്ങളിൽ റവന്യൂഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; നഗരപ്രദേശങ്ങളിലും ജനവാസ മേഖലകളിലും കാർഷിക മേഖലകളിലും എത്ര ഹെക്ടർ ഭൂമി വനഭൂമിയായോ ബഫർ സോണായോ ഉൾപ്പെടുത്തിയിരുന്നു എന്ന വിശദാംശം ജില്ല തിരിച്ച് സ്ഥലപ്പേരും വിസ്തീർണ്ണവും സഹിതം ലഭ്യമാക്കുമോ? | | കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് സർക്കാർ ടി പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ നഗരപ്രദേശം, ജനവാസമേഖല, കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് തയ്യാറാക്കുവാൻ നിർദ്ദേശം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളെ നഗരപ്രദേശം, ജനവാസമേഖല, കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് ശേഖരിക്കേണ്ടുന്ന ആവശ്യകത ഉണ്ടാകാത്തതിനാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Name of Protected Area | Area of protected area (sq.km) | Minimum ESZ (km) | Maximum ESZ (km) | Total ESZ (sq.km) |
|---|---|---|---|---|
| ഇരവികുളം | 97 | 0 | 1 | 33.7 |
| ചിന്നാർ | 90.44 | 0 | 1 | 23.4 |
| കുറിഞ്ഞിമല | 32 | 0 | 1 | 9.30 |
| ആനമുടിഷോല | 7.5 | 0 | 1 | 30.70 |
| പാമ്പാടുംഷോല | 1.32 | 0 | 1 | 5.16 |
| നെയ്യാർ-പേപ്പാറ | 281 | 0 | 2.75 | 52.036 |
| ഇടുക്കി | 70 | 0 | 1 | 49.86 |
| തട്ടേക്കാട് | 25 | 0 | 1 | 16.52 |
| പെരിയാർ | 925 | 0 | 1 | 91.96 |
| മംഗളവനം | 0.03 | 0 | 0.55 | 0.122 |
| മലബാർ | 74.21 | 0 | 1 | 42.815 |
| സൈലന്റ്‌വാലി | 237.52 | 0 | 9.8 | 148 |
| കൊട്ടിയൂർ | 3038 | 0 | 2.1 | 10.87 |
| ആറളം | 55 | 0 | 3.06 | 7.576 |
| ചിമ്മിനി | 85 | 0 | 9.5 | 131.78 |
| പീച്ചി-വാഴാനി | 125 | 0 | 4.5 | 94.72 |
| ചൂലന്നൂർ | 3.42 | 0 | 1.4 | 3.78 |
| ശെന്തുരുണി | 171 | 0 | 6.5 | 116.462 |
| വയനാട് | 344.44 | 0 | 4 | 88.21 |
| പറമ്പിക്കുളം | 643.66 | 0 | 10.09 | 264.57 |